**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **10-06-2024 - ൽ മറുപടിയ്ക്ക്**

**ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ജനകീയ കമ്മിറ്റികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | കേരള പോലീസ് ആക്ട് 2011, സെക്ഷൻ 64-ലും സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച 34/2009, 35/2009 എന്നീ സർക്കുലറുകളിലും നിഷ്കർഷിച്ച പ്രകാരം പ്രകാരം സംസ്ഥാനത്ത് ജന പങ്കാളിത്താധിഷ്ഠിതമായ ക്രമസമാധാന പാലനത്തിനും പോലീസും പൗരന്മാരും തമ്മിൽ അടുത്ത ബന്ധം വളർത്തിയെടുത്ത് സമൂഹത്തിലെ കുറ്റ കൃത്യങ്ങൾ തടയുന്നതിനും, സുരക്ഷാ മേഖലകളിൽ ജനങ്ങളുടെ പരസ്പര സഹകരണം ഉറപ്പ് വരുത്തുന്നതിനുമായി കേരളത്തിലെ 484 ക്രമസമാധാന പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ സമിതികൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത സമിതികളിൽ അതാതുകാലത്തെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുകയും, യോഗങ്ങൾ ചേരുകയും ചെയ്യാറുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. |
| (സി) | ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ജനകീയ കമ്മിറ്റികളുടെ ഘടനയും, പ്രവർത്തനപദ്ധതികളും വിശദീകരിക്കാമോ? | (സി) | സ്റ്റേഷൻ പരിധിയിൽ താമസിച്ച് വരുന്ന മുതിർന്ന പൗരന്മാർ, സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, റെസിഡൻഷ്യൽ ഭാരവാഹികൾ, റിട്ടയേർഡ് സർക്കാർ ജീവനക്കാർ, പട്ടാള ഉദ്യോഗസ്ഥർ, പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ /വാർഡ് മെംബർമാർ, സന്നദ്ധ സംഘടന/സ്വയം സഹായ സംഘടന ഭാരവാഹികൾ എന്നിവരിൽ നിന്നും അംഗങ്ങളായി പ്രവർത്തിക്കാൻ യോഗ്യരായവരുടെ പേരുകൾ കണ്ടെത്തി പരിശോധിച്ച് ജില്ലാ പോലീസ് |

മേധാവിമാർ എല്ലാ പോലീസ് സ്റ്റേഷനുകൾക്കുമായി സമിതികൾ രൂപീകരിക്കുന്നു. ജനമൈത്രി സുരക്ഷാ സമിതിയിൽ ചുരുങ്ങിയത് 10 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും എന്നാൽ ആകെ അംഗങ്ങളുടെ എണ്ണം 25-ൽ കൂടാൻ പാടില്ലാത്തതുമാണ്. സമിതി അംഗങ്ങളുടെ ഇടയിൽ നിന്നും യോഗ്യനായ ഒരാൾ സമിതി യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കും. സമിതിയുടെ സെക്രട്ടറി സ്റ്റേഷൻ ഹൗസ് ഓഫീസറും പോലീസ് സ്റ്റേഷനിലെ ഒരു അഡീഷണൽ എസ്.ഐ./ എ.എസ്.ഐ. കമ്മ്യൂണിറ്റി റിലേഷൻ ഓഫീസറായി പ്രവർത്തിക്കുന്നു. സമിതി 2 വർഷത്തിലൊരിക്കൽ പുന:സംഘടിപ്പിക്കേണ്ടതാണ്. സമിതി അംഗങ്ങളിൽ ആരെങ്കിലും ഹീനമായ കുറ്റകൃത്യത്തിലോ മോശമായ പ്രവർത്തിയിലോ ഉൾപ്പെട്ടതായി ബോധ്യമായാൽ ആ അംഗത്തെ ജില്ലാ പോലീസ് മേധാവിക്ക് ഉടനടി സമിതിയിൽ നിന്നും നീക്കം ചെയ്യാവുന്ന താണ്.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിലുള്ള വിവിധ തരം പദ്ധതികൾ പോലീസ് സ്റ്റേഷൻ തലങ്ങളിൽ ജനമൈത്രി സുരക്ഷാ സമിതികളുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നു. ലഹരി വിരുദ്ധ അവബോധ പരിപാടികൾ, മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ, ആദിവാസി ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതികൾ, അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കും മറ്റുമായുള്ള പദ്ധതികൾ, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങളെ സംബന്ധിച്ച അവബോധ പരിപാടികൾ, വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടികൾ, വിവിധ വിഷയങ്ങളിൽ സ്കൂൾ കോളേജ് തലങ്ങളിൽ നടത്തിവരുന്ന അവബോധ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ ജനമൈത്രി സുരക്ഷാ സമിതിയുടെ ആഭിമുഖ്യത്തിൽ പോലീസ് സ്റ്റേഷൻ തലങ്ങളിലും ജില്ലാ തലങ്ങളിലും നടത്തിവരുന്നുണ്ട്. പോലീസ് സ്റ്റേഷൻ പരിധിയിലെ പ്രദേശത്തെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ, സമൂഹത്തെ ബാധിക്കുന്ന കുറ്റകൃത്യങ്ങളുൾപ്പെടെയുള്ള പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ കുറ്റകൃത്യങ്ങളെ കുറയ്ക്കുന്നത് എന്നിവ സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങളെ കുറിച്ചും പൊതു ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ചും കൂടാതെ പ്രദേശത്തെ സംഘടിത കുറ്റകൃത്യങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തുടങ്ങിയവ പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടു

| | | | |
|---|---|---|---|
| | | | വരികയെന്നുള്ളതുമാണ് ജനമൈത്രി സുരക്ഷാ സമിതിയുടെ പ്രാഥമികമായ കർത്തവ്യങ്ങൾ. |

സെക്ഷൻ ഓഫീസർ